**തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്**

<u>സംഗ്രഹം</u>

ക്ലറിക്കൽ കേഡറിലെ എല്ലാ ജീവനക്കാർക്കും ഏകീകൃത യോഗ്യത മാനദണ്ഡങ്ങൾ ബാധകമാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി.**10/2016**/എസ്റ്റ-എ 25.04.2026

---

സൂചന : 1. ഒരുകൂട്ടം ജീവനക്കാരുടെ( ലോ പെയ്ഡ് പ്രൊമോഷൻ മുഖേന ക്ലർക്ക് തസ്തിയിൽ പ്രവേശിച്ചവർ ) അപേക്ഷ
2. അസിസ്റ്റന്റ് ലാ ആഫീസറുടെ 12.03.2026 ലെ റിമാർക്സ്

**<u>ഉത്തരവ്</u>**

ലോ പെയ്ഡ് പ്രൊമോഷൻ വഴി ക്ലർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ പ്രവേശിച്ചവർക്ക് തുടർ പ്രൊമോഷന് പ്ലസ് ടു അല്ലെങ്കിൽ തത്തുല്യവും Certificate in Word Processing ഉം സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിരിക്കുന്നതായും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയും ആശ്രിത നിയമനം മുഖേനയും ക്ലറിക്കൽ തസ്തികയിൽ പ്രവേശിച്ചവർക്ക് തുടർ പ്രൊമോഷൻ നൽകി, ടി ജീവനക്കാർക്ക് പ്രൊബേഷൻ കാലയളവിൽ കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ് നേടാൻ അനുവാദമുള്ളതായും ഒരേ കേഡറിൽ നിയമിക്കപ്പെട്ടവരും സമാനമായ സ്ഥാനക്കയറ്റം നേടുന്നവരായ ജീവനക്കാർക്കിടയിലെ ഈ വ്യത്യസ്ത സമീപനം ഏകപക്ഷീയവും നിയമപരമായി നിലനിൽക്കാത്തതാണെന്നും ആകയാൽ ക്ലറിക്കൽ കേഡറിലെ എല്ലാ ജീവനക്കാർക്കും ഏകീകൃത യോഗ്യത മാനദണ്ഡങ്ങൾ ബാധകമാക്കണമെന്ന് കാണിച്ച് ഒരു കൂട്ടം ജീവനക്കാരുടെ (ലോ പെയ്ഡ് പ്രൊമോഷൻ മുഖേന ക്ലർക്ക് തസ്തിയിൽ പ്രവേശിച്ചവർ) അപേക്ഷ ഹാജരാക്കിയിട്ടുള്ളതാണ് ( സൂചന 1).

Travancore Devaswom Board Officers' and Servants' Service Rules, 2022 ലെ Rule 6(1(a)) യിലെ കാറ്റഗറി 17 ൽ ക്ലാർക്ക് തസ്തികയിലെ നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ i) Pass in Plus Two or its equivalent, (ii) Certificate in

Computer Word Processing from a recognized institution എന്നിവയാണ്. എന്നാൽ 01.01.2020 ന് SSLC വിദ്യാഭ്യാസ യോഗ്യതയും DOT ടെസ്റ്റ് പാസ്സായതോ കൂടാതെ 01.01.2020ൽ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതോ ആയ ക്ലാസ്സ് IV ജീവനക്കാർ,സ്ട്രോങ്ങ് റൂം ഗാർഡ് എന്നിവരെ പ്രസ്തുത യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതും എന്നാൽ തുടർന്നുള്ള പ്രൊമോഷനുകൾക്ക് ടി യോഗ്യതകൾ നേടണമെന്ന് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. ടി സാഹചര്യത്തിൽ പ്രസ്തുത വിഭാഗത്തിൽ പെടുന്ന ജീവനക്കാർക്ക് തുടർ പ്രൊമോഷൻ നൽകുന്നതിന് നിർബന്ധമായും ടി യോഗ്യതകൾ നേടേണ്ടതുണ്ടെന്ന് കാണുന്നു. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിന് ശേഷം ക്ലാർക്ക് തസ്തികയിലേക്ക് മേൽ വിവരിച്ച പ്രകാരമല്ലാതെ നൽകുന്ന നിയമനങ്ങൾക്കെല്ലാം മുകളിൽ പരാമർശിച്ച Rule.6(1(a)) യിലെ യോഗ്യതകൾ ആവശ്യമാണ്. എന്നാൽ ക്ലാർക്ക് തസ്തികയിലെ നിയമനത്തിന് ടി യോഗ്യതകളിൽ ഏതെങ്കിലും സാഹചര്യത്തിൽ ഇളവ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പേരിൽ നിലവിലുള്ള റൂളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നത് ഉചിതമല്ല എന്ന് അസിസ്റ്റന്റ് ലാ ഓഫീസറുടെ റിമാർക്സ് ലഭിച്ചിട്ടുള്ളതാണ്( സൂചന 2).

സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നോട്ടിഫിക്കേഷൻ ക്ഷണിച്ച് ആയതിനുശേഷം നിയമനം ലഭിച്ചവർക്കും സ്പെഷ്യൽ റൂൾ വരുന്നതിന് മുമ്പ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ആശ്രിത നിയമനക്കാർക്കും സ്പെഷ്യൽ റൂൾ പ്രകാരം നിർബന്ധമായും ആവശ്യമായ പ്ലസ് ടു യോഗ്യത ഉള്ളവർക്കാണ് സീനിയർ ക്ലർക്ക് പ്രൊമോഷൻ നൽകിയിട്ടുള്ളതും പ്രൊബേഷൻ കാലയളവിൽ കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ് നേടുന്നതിന് അനുവാദം നൽകിയിട്ടുള്ളത്. ക്ലാസ് ഫോർ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾ പ്രകാരം 01.01.2020 ന് എസ്.എസ്.എൽ.സി വിദ്യാഭ്യാസ യോഗ്യതയും DOT ടെസ്റ്റും പാസായി 01.01.2020 ലെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർക്ക് നിയമനത്തിന് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് നൽകിയിട്ടുള്ളതാണ്. ക്ലറിക്കൽ തസ്തികയിലെ എല്ലാ ജീവനക്കാർക്കും ഏകീകൃത യോഗ്യത നിലവിലുണ്ട് ആയതു സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിനുമുമ്പ് ലിസ്റ്റിൽ

ചേർക്കപ്പെട്ടവർക്കും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നോട്ടിഫിക്കേഷൻ വിളിച്ചു നിയമിതരായവരും സ്പെഷ്യൽ റൂൾ പ്രകാരം ഇളവ് ലഭിച്ച ക്ലാസ് ഫോർ ജീവനക്കാരുടെയും നിയമനം കഴിയുന്ന മുറയ്ക്ക് വരും വർഷങ്ങളിൽ എല്ലാ വിഭാഗം ജീവനക്കാർക്കും ഏകീകൃത യോഗ്യത പ്രാബല്യത്തിൽ വരുന്നതാണ്. ആയതിനാൽ അസിസ്റ്റന്റ് ലാ ഓഫീസറുടെ റിമാർക്സ് കണക്കിലെടുത്ത് നിലവിൽ തുടർ പ്രൊമോഷനുകൾക്ക് ഏകീകൃത യോഗ്യത മാനദണ്ഡങ്ങളുള്ള സാഹചര്യത്തിൽ ലോ പെയ്ഡ് പ്രൊമോഷൻ മുഖേന ക്ലർക്ക് തസ്തികയിൽ പ്രവേശിച്ചവരുടെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:

1.. ബന്ധപ്പെട്ട എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ